"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചാലക്കുടി മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ) നം.**13/2024/LSGD** തീയതി,തിരുവനന്തപുരം, **25-01-2024**

പരാമർശം:-
1. **07.08.2020** ലെ സ.ഉ.(കൈ.) നം.**118/2020**/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. **06.11.2021** ലെ സ.ഉ.(കൈ.) നം.**262/2021**/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. **29.07.2023** ലെ ചാലക്കുടി നഗരസഭ കൗൺസിലിന്റെ **1-**ാം നമ്പർ കൗൺസിൽ തീരുമാനം
4. **31.10.2023** തീയതിയിലെ മുഖ്യനഗരാസൂത്രകന്റെ എൽ.എസ്.ജി.ഡി./പി.ഡി./**17099/2023-**ടിസിപിബി**4** നമ്പർ കത്ത്.

ഉത്തരവ്

ചാലക്കുടി നഗരസഭാ പ്രദേശത്തിനു വേണ്ടിയുള്ള കരട് മാസ്റ്റർ പ്ലാനിന് പരാമർശം **(1)** ഉത്തരവ് പ്രകാരം സർക്കാർ പ്രസിദ്ധീകരണാനുമതി നൽകുകയുണ്ടായി. തുടർന്ന് പ്രസിദ്ധീകൃത മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനുള്ള സമയപരിധി പരാമർശം **(2)** ഉത്തരവ് പ്രകാരം **06.11.2021** മുതൽ **60** ദിവസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്.

2) തുടർന്ന് ചാലക്കുടി മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ച ശേഷം ഭേദഗതികൾ വരുത്തിയ മാസ്റ്റർപ്ലാൻ, പരാമർശം **(3)** പ്രകാരം ചാലക്കുടി നഗരസഭ കൗൺസിൽ അംഗീകരിക്കുകയും സർക്കാരിന്റെ അനുമതിയ്ക്കായി അയക്കുന്നതിന് തീരുമാനിക്കുകയും ഉണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകൃത ചാലക്കുടി മാസ്റ്റർപ്ലാൻ, അനുബന്ധ രേഖകൾ സഹിതം അന്തിമ അനുമതിക്കായി ലഭ്യമാക്കിയിട്ടുണ്ട്.

3) ചാലക്കുടി മാസ്റ്റർ പ്ലാൻ അന്തിമ അനുമതിക്കായി സമർപ്പിക്കുന്നതിനായി കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് **36(7), 36 (11)** എന്നിവ പ്രകാരം

നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചിട്ടില്ല. ആയതിനാൽ ചാലക്കുടി മാസ്റ്റർ പ്ലാനിനു കേരള നഗരഗ്രാമാസൂത്രണ ആക്ട് -2016 ലെ വകുപ്പ് 36(8), 38 എന്നിവ പ്രകാരവും, 2021 ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരവും അന്തിമ അംഗീകാരം നൽകുന്നതിനു പരാമർശം (4) പ്രകാരം മുഖ്യനഗരാസൂത്രകൻ ശുപാർശ ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി മാസ്റ്റർ പ്ലാൻ അന്തിമ അനുമതിക്കായി സമർപ്പിക്കുന്നതിൽ വന്ന കാലതാമസം 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 38 പ്രകാരം സാധൂകരിച്ചുകൊണ്ടും, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 36(8), 2021 ലെ കേരള നഗര-ഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം ചാലക്കുടി മാസ്റ്റർപ്ലാനിന് അന്തിമ അനുമതി നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, തൃശ്ശൂർ (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, ചാലക്കുടി നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Bijukumar T
Date: 25-01-2024 11:42:58
സെക്ഷൻ ഓഫീസർ